പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1937

12.02.2013-ൽ മറുപടിക്ക്.

## ഗ്രാമന്യായാലയങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി കെ. കെ.ലതിക | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) കോഴിക്കോട് കുന്നുമ്മൽ ബ്ലോക്ക് പരിധിയിൽ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഗ്രാമന്യായാലയം സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കുമോ; | : (എ) കോഴിക്കോട് കുന്നുമ്മൽ ബ്ലോക്ക് പരിധയിൽ ഗ്രാമന്യായാലയം സ്ഥാപിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമന്യായാലയങ്ങളുടെ പ്രവർത്തനത്തിനായി സർക്കാർ ഗ്രാമന്യായാലയ റൂൾസ് പ്രസിദ്ധീകരിച്ചെങ്കിലും ന്യായാധികാരികളുടെ നിയമനത്തെ സംബന്ധിച്ച റൂൾ ഭേദഗതി വരുത്തുന്നത് ഹൈക്കോടതി ജഡ്ജിമാരുടെ കമ്മിറ്റിയുടെ പരിഗണനയിലാണ്. കൂടാതെ ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ വേണ്ട കെട്ടിട സൗകര്യമൊരുക്കാൻ തദ്ദേശസ്വയംഭരണ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഗ്രാമന്യായാലയം പ്രവർത്തിപ്പിക്കുന്നതിന് നടപടികളെടുക്കേണ്ടത് ഹൈക്കോടതിയാണ്. |
| (ബി) ഗ്രാമന്യായാലയങ്ങളിൽ ഏതെല്ലാം തരത്തിലുള്ള വ്യവഹാരങ്ങളാണ് കൈകാര്യം ചെയ്യുക എന്നും ഇത്തരം കോടതികളുടെ അധികാരപരിധി എന്തായിരിക്കും എന്നും വ്യക്തമാക്കുമോ ; | : (ബി) 2008-ലെ ഗ്രാമന്യായാലയങ്ങൾ ആക്റ്റിലെ രണ്ടാം പട്ടികയിലെ ഒന്നാം ഭാഗത്ത് വ്യക്തമാക്കിയിരിക്കുന്ന എല്ലാ കുറ്റകൃത്യങ്ങളും ഒന്നാം പട്ടികയിലെ രണ്ടാം ഭാഗത്ത് ഉൾപ്പെട്ടിരിക്കുന്ന നിയമങ്ങളിൽ വ്യക്തമാക്കിയിരിക്കുന്ന കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനും അവയ്ക്ക് പരിഹാരം നൽകുന്നതിനും, വകുപ്പ് 14(3) പ്രകാരം സർക്കാർ വിജ്ഞാപനം ചെയ്യുന്ന സംസ്ഥാന നിയമങ്ങൾക്ക് കീഴിൽ വരുന്ന എല്ലാ കുറ്റകൃത്യങ്ങളും വിചാരണ ചെയ്യുന്നതിനും പരിഹാരംനൽകുന്നതിനും വകുപ്പ് 13(2)-ന് വിധേയമായി പട്ടികയിലെ ഒന്നാം ഭാഗത്ത് വ്യക്തമാക്കിയിട്ടുള്ള സിവിൽ സ്വഭാവമുള്ള എല്ലാ വ്യവഹാരങ്ങളോ നടപടികളോ വിസ്തരിക്കുന്നതിനും പ്രസ്തുത |

(മറുപുറം)

ആക്ടിലെ 13(2)-ന് വിധേയമായി ആ ആക്റ്റിന്റെ തന്നെ വകുപ്പ് 14(1) പ്രകാരം കേന്ദ്ര സർക്കാരോ വകുപ്പ് 14(3) പ്രകാരം സംസ്ഥാന സർക്കാരോ വിജ്ഞാപനം ചെയ്യുന്ന എല്ലാ തരത്തിലുള്ള ക്ലെയിമുകളും തർക്കങ്ങളും വിസ്തരിക്കുന്നതും ഗ്രാമന്യായാലയങ്ങളുടെ പരിധിയിൽ വരുന്നതാണ്.

(സി) ആകെ എത്ര കോടതികൾ എവിടെയൊക്കെയാണ് ആരംഭിക്കുക; ഇവയുടെ ഘടനയും പ്രവർത്തനവും വ്യക്തമാക്കുമോ?

: (സി) സംസ്ഥാനത്ത് 30 ഗ്രാമന്യായാലയങ്ങൾ സ്ഥാപിക്കാൻ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ:86/11/ആഭ്യന്തരം തീയതി 01.03.2011 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഗ്രാമന്യായാലയ റൂൾസിന്റെ അടിസ്ഥാനത്തിലായിരിക്കും ഇവയുടെ പ്രവർത്തനം.

സെക്ഷൻ ഓഫീസർ

Annexure

| Sl. No. | Block | Place |
|---|---|---|
| 1 | Parasala | Parasala |
| 2 | Thriruvananthapuram (Rural) | Kudappanakkunnu |
| 3 | Chavara | Chavara |
| 4 | Chadayamangalam | Chadayamangalam |
| 5 | Chittumala | Kundara |
| 6 | Kulanada | Kulanada |
| 7 | Ranni | Ranni |
| 8 | Kanjikuzhi | Kanjikuzhi |
| 9 | Ambalappuzha | Punnapra (Block Headquarters) |
| 10 | Pambadi | Pambadi |
| 11 | Vaikam | Vaikam Block Headquarters |
| 12 | Azhutha | Peerumedu |
| 13 | Kattappana | Kattappana |
| 14 | Nedumkandam | Nedumkandam |
| 15 | Paravur | Vadakkekara |
| 16 | Vadavukodu | Kunnathunadu |
| 17 | Pazhayannur | Chelakkara |
| 18 | Mathilakom | Mathilakom Headquarters |
| 19 | Srikrishnapuram | Srikrishnapuram |
| 20 | Malampuzha | Malampuzha |
| 21 | Kuzhalmandam | Kuzhalmandam |
| 22 | Ponnani | Edappal |
| 23 | Perinthalmanna | Elamkulam |
| 24 | Kalpetta | Vaithiri |
| 25 | Kunnummal | Kuttyadi |
| 26 | Koduvally | Thamarassery |
| 27 | Thalassery | Chokkli |
| 28 | Iritty | Iritty |
| 29 | Irikkur | Sreekandapuram |
| 30 | Neeleswaram | West eleri |

Section Officer